(ബി) സ്വാശ്രയ സഹകരണ നിയമം നിലവിൽ കൊണ്ടു വരുന്നതോടെ സർക്കാരിന്റെ ഷെയർ പാർട്ടിസിപ്പേഷൻ സംഘങ്ങളിൽ നിന്നും പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സർക്കാർ ഓഹരി പങ്കാളിത്തം നൽകിക്കൊണ്ട് സഹകരണസംഘങ്ങളുടെ പ്രവർത്തനത്തെ സഹായിക്കേണ്ടതില്ലെന്ന നയം സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിലെ സർക്കാർ ഓഹരി പങ്കാളിത്തം എൻ.സി.ഡി.സി. ഷെയർ ഉൾപ്പെടെ മൊത്തം 109.05 കോടി രൂപയാണ്.

(ബി) ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

(സി) ഇല്ല.

സഹകരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ്

92 (1291) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സഹകരണ മേഖലയിലെ സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ ബാങ്കുകൾ/സംസ്ഥാന കാർഷിക വികസന ബാങ്കുകൾ/ അർബൻ ബാങ്കുകൾ തുടങ്ങി ഏതെങ്കിലും സ്ഥാപനത്തിന്റെ ക്രെഡിറ്റ് ട്രഷറിയിൽ നിക്ഷേപിക്കുക ഉണ്ടായോ ;

(ബി) എങ്കിൽ ഏതെല്ലാം ദിവസങ്ങളിൽ എന്തു തുക വീതം ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇപ്പോൾ ട്രഷറിയിൽ നിലനിൽക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് എന്നത്തേയ്ക്ക് തിരിച്ച് നൽകുമെന്ന് വ്യക്തമാക്കാമോ ; എന്തു തുക ഏതെല്ലാം സഹകരണ സ്ഥാപനങ്ങളുടേതായി ട്രഷറിയിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിക്ഷേപിച്ചിട്ടുണ്ട്.

(ബി) ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക, തീയതി എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ട്രഷറിയിൽ നിലനിൽക്കുന്ന ജില്ലാ സഹകരണ ബാങ്കുകളുടെ നിക്ഷേപം 3, 6, 9, 12, 16, 18, 21, 24 മാസം എന്നിങ്ങനെ 2 വർഷംകൊണ്ട് 8 ഗഡുക്കളായി ബാങ്കുകൾക്ക് തിരികെ നൽകുമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. സർക്കാർ ആവിഷ്ക്കരിച്ച ട്രഷറി സ്മോൾ സേവിംഗ്സ് ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് പദ്ധതി പ്രകാരം സംസ്ഥാനത്തെ പ്രാഥമിക സംഘങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മൊത്തത്തിൽ 318.09 കോടി രൂപ നിക്ഷേപം നടത്തിയിട്ടുണ്ട്. ടി നിക്ഷേപ തുക ആറര വർഷത്തിനുശേഷം മുതലും പലിശയും അടക്കം ഇരട്ടിയിലധികമായി മടക്കി നല്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 31-5-2003-ലെ കണക്ക് പ്രകാരം സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകൾ മറ്റ് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ എന്നിവയുടേതായുള്ള ട്രഷറി നിക്ഷേപം താഴെപ്പറയും പ്രകാരമാണ്.

1.	മലപ്പുറം ജില്ലാ സഹകരണ ബാങ്ക്	100 കോടി
2.	ഇടുക്കി " " "	93 "
3.	കൊല്ലം " " "	75.48 "
4.	പത്തനംതിട്ട " " "	28.46 "
5.	കോഴിക്കോട് " " "	20.16 "
6.	തൃശ്ശൂർ " " "	135.00 "
7.	കോട്ടയം " " "	50.60 "
8.	തിരുവനന്തപുരം " " "	70.65 "
9.	സംസ്ഥാന സഹകരണ ബാങ്ക്	163.05 "
10.	മറ്റ് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ	318.09 "

സംസ്ഥാന സഹകരണ ബാങ്കിന്റെ പേരിലുള്ള 163.05 കോടി രൂപ ജില്ലാ സഹകരണ ബാങ്കുകൾക്കും, സംസ്ഥാന് സഹകരണ ബാങ്കിനും പലിശയിനത്തിലും മറ്റും ഗവൺമെന്റിൽ നിന്നും നൽകിയതാണ്. ടി തുക സംസ്ഥാന സഹകരണ ബാങ്കിന്റെ ട്രഷറി നിക്ഷേപമല്ല.

പി.എസ്.സി. വഴി സഹകരണസംഘങ്ങളിലെ നിയമനം

93 (1292) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രാഥമിക സഹകരണങ്ങളിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയന്ന് വിശദീകരിക്കുമോ ;

(ബി) ഏതൊക്കെ സഹകരണസംഘങ്ങളുടെ നിയമനം ആണ് പി.എസ്.സി.ക്ക് വിട്ടിട്ടുള്ളത് ; പ്രസ്തുത തീരുമാനപ്രകാരം പി.എസ്.സി.വഴി ഇതുവരെ എത്രപേരെ വിവിധ സഹകരണസംഘങ്ങളിൽ നിയമിച്ചിട്ടുണ്ട് ;

(സി) സഹകരണസംഘങ്ങളിൽ നിയമിക്കുന്നതിനുവേണ്ടി ഇപ്പോൾ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ?

ഉത്തരം

(എ) 1969-ലെ കേരള സഹകരണസംഘം നിയമം ചട്ടം 182, 183, 186,188 എന്നിവ പ്രകാരവും കേരള സഹകരണ നിയമം 80-ാം വകുപ്പിന് അനുസൃതമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly